# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -18 | 06.01.2014-ൽ മറുപടിയ്ക്ക്

## പോലീസ് നിഷ്ക്രിയമാണെന്ന ഹൈക്കോടതി പരാമർശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.വി.ശശി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങളുടെ പരാതികളിൽ നടപടിയെടുക്കുന്നതിൽ പോലീസ് നിഷ്ക്രിയമാണെന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പോലീസ് നിഷ്ക്രിയമാകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ജനങ്ങളുടെ പരാതികളിൽ പോലീസ് സാധ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ബഹു.ഹൈക്കോടതി ഇത്തരം ഒരു വാക്കാൽ പരാമർശം നടത്തിയതായി പത്ര മാധ്യമങ്ങളിലൂടെ മാത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് നിഷ്ക്രിയമായിട്ടില്ല. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ പോലീസ് അംഗബലം പരിമിതമാണെങ്കിൽപോലും ജനങ്ങളുടെ ജീവനും, സ്വത്തിനും സുരക്ഷ നൽകുന്നതിനായി ഫലപ്രദമായ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. |
| (ബി) പോലീസ് പീഡനം ആരോപിച്ചും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടും ഹർജികൾ വിവിധ കോടതികളിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) പോലീസ് പീഡനം ആരോപിച്ചും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടും നിലവിലുള്ള ഹർജികളെ സംബന്ധിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) ക്രമസമാധാനനില സംബന്ധിച്ച് പോലീസ് സ്റ്റേഷൻ തലം മുതൽ സംസ്ഥാനതലംവരെ അവലോകനം നടത്താറുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനായി |

സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകുന്നുണ്ട്.

ക്രമസമാധാനപാലനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അന്വേഷണ വിഭാഗത്തെയും, ക്രമസമാധാന വിഭാഗത്തെയും രണ്ടായി വേർപ്പെടുത്തിയിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## പോലീസ് സംരക്ഷണത്തിന് വേണ്ടി സമർപ്പിച്ച ഹർജികൾ

| Pending as on 01.01.2004 | Cases filed between 01.01.2004 & 30.12.2013 | Cases disposed between 01.01.2004 & 30.12.2013 | Balance |
|---|---|---|---|
| 221 | 16692 | 15780 | 1133 |

## പോലീസ് പീഡനം സംബന്ധിച്ച് സമർപ്പിച്ച ഹർജികൾ

| Pending as on 01.01.2004 | Cases filed between 01.01.2004 & 30.12.2013 | Cases disposed between 01.01.2004 & 30.12.2013 | Balance |
|---|---|---|---|
| 29 | 4563 | 4406 | 186 |

[signature]

സെക്ഷൻ ഓഫീസർ